**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **23-01-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംയോജനം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംയോജനം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല ഉണ്ടായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പുതിയ നിയമനം ഒഴിവാക്കിയതും ബ്ലോക്ക് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ട തസ്തികകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തെക്കുറിച്ച് മുൻ പരിചയം ഇല്ലാത്ത മറ്റു വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ നിയമിച്ചതും മൂലം പദ്ധതി നിർവഹണത്തിൽ വലിയ പ്രതിസന്ധി നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിലെ പ്രതിസന്ധി കേന്ദ്ര ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി പരിഹാര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ